LIBRARY ARCHIVES Kerala Legislative Assembly

ആസ്തി വികസന സ്കീമിന്റെ പ്രവർത്തനം

280(3205) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാർ മുഖേന നടപ്പിലാക്കുന്ന ആസ്തി വികസന സ്കീമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കീമിന് ഭരണാനുമതി ലഭിക്കുന്നതിൽ വകുപ്പിന്റെ അനാവശ്യ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കർത്താവുംപടി റോഡു വികസനവുമായി ബന്ധപ്പെട്ട് വകുപ്പ് സെക്രട്ടറിയുടെ പരിഗണനയിലുണ്ടായിരുന്ന 21227/D3/2014 നമ്പർ ഫയൽ പ്രകാരം റിപ്പോർട്ടിനു വേണ്ടി വകുപ്പ് ചീഫ് എൻജിനീയർക്ക് കത്തയയ്ക്കാനുണ്ടായ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ആസ്തി വികസന സ്കീമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകുന്നതിൽ വകുപ്പിന്റെ അനാവശ്യ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എൽ.എ.സി.-എ.ഡി.എസ്.-ന്റെ മാർഗ്ഗ നിർദ്ദേശ ഉത്തരവിൽ നിർവ്വഹണ ഏജൻസി സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലും പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള റോഡിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം പ്രവർത്തി ചെയ്യുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനുമുണ്ടായ കാരണം ആരായുകയാണ് ചെയ്തത്.

ദേശീയ ഗെയിംസിന് മുന്നോടിയായി റോഡ് വികസനം

281(3206) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കോലിയക്കോട്. എൻ. കൃഷ്ണൻനായർ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടക്കാൻ പോകുന്ന ദേശീയ ഗെയിംസിന്റെ മുന്നോടിയായി റോഡ് വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം റോഡുകളുടെ നവീകരണ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(സി) ഈ പദ്ധതികൾക്ക് എന്ത് തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; തുക അനുവദിച്ചിട്ടുണ്ടോ; ഫണ്ടിന്റെ അപര്യാപ്തത പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഡി) ദേശീയ ഗെയിംസ് ആരംഭിക്കുന്നതിന് മുമ്പായി ഈ റോഡുകളുടെ നവീകരണവും പുനരുദ്ധാരണവും പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; ഇതിനാവശ്യമായ അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ദേശീയ ഗെയിംസിന്റെ മുന്നോടിയായി റോഡ് വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ദേശീയപാത ബൈപ്പാസ് 66-ൽ കഴക്കൂട്ടം മുതൽ ഈഞ്ചക്കൽ വരെയുള്ള ഭാഗത്ത് ജംഗ്ഷൻ ഇംപ്രൂവ്മെന്റിനും, 1.50 മീ വീതിയിൽ ഇരുവശത്തും paved shoulder നിർമ്മിക്കുന്നതിനുമായി 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ റോഡ് പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതികൾക്ക് ദേശീയപാതയ്ക്ക് 4 കോടിരൂപയും നിരത്തുവിഭാഗത്തിന് 4310.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത പദ്ധതിയെ ബാധിച്ചിട്ടില്ല.

(ഡി) ദേശീയ ഗെയിംസ് ആരംഭിക്കുന്നതിന് മുമ്പായി ഈ റോഡുകളുടെ നവീകരണവും പുനരുദ്ധാരണവും പൂർത്തിയാക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിച്ചു വരുന്നു.

കൊല്ലം-തേനി റോഡിന്റെ നവീകരണ പ്രവൃത്തി

282(3207) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-തേനി റോഡിന്റെ നവീകരണ പ്രവൃത്തിക്ക് ആവശ്യമായ ഡി.പി.ആർ. തയ്യാറാക്കിയ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly